**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **13-02-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി വഴി വിതരണം ചെയ്ത ക്ഷേമപെൻഷനുകൾക്ക് കൃത്യമായ കണക്കോ രേഖകളോ ഇല്ല എന്ന് കമ്പനിയുടെ 2018 മുതൽ 2021 വരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച സി.& എ. ജി. റിപ്പോർട്ടിലെ കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ; | (എ) | സി. & എ. ജി. റിപ്പോർട്ടുകൾ സർക്കാർ കൃത്യമായി പിരശോധിക്കാറുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം കൃത്യമായ കണക്കോ രേഖകളോ സൂക്ഷിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പരിമിതമായ ജീവനക്കാരുമായാണ് 2018 ഓഗസ്റ്റ് മാസം കമ്പനി രൂപീകൃതമായതെങ്കിലും പരമാവധി കണക്കുകളും രേഖകളും കമ്പനി സൂക്ഷിച്ചിരുന്നു. സി. & എ. ജി. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ കാലാകാലങ്ങളിൽ ഏർപ്പെടുത്തിപ്പോരുന്നുണ്ട്. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം സുതാര്യമാക്കാനും കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കാനും നടപടി സ്വീകരിക്കുമോ? | (സി) | പരിമിതമായ ജീവനക്കാരുമായാണ് 2018 ഓഗസ്റ്റ് മാസം കമ്പനി രൂപീകൃതമായതെങ്കിലും പരമാവധി കണക്കുകളും രേഖകളും കമ്പനി സൂക്ഷിച്ചിരുന്നു. സി. & എ. ജി. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ കാലാകാലങ്ങളിൽ ഏർപ്പെടുത്തിപ്പോരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ